ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്
mhdpkd@gmail.com

# സ്വർഗം ഉറപ്പാക്കിയ പത്താളുകൾ

عَنْ عُبَادَةَ بْنِ الصَّامِتِ رَضِيَ اللَّهُ عَنْهُ ، أَنَّ نَبِيَّ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " اضْمَنُوا لِي سِتًّا مِنْ أَنْفُسِكُمْ أَضْمَنْ لَكُمُ الْجَنَّةَ : اصْدُقُوا إِذَا حَدَّثْتُمْ وَأَوْفُوا إِذَا وَعَدْتُمْ وَأَدُّوا إِذَا اؤْتُمِنْتُمْ وَاحْفَظُوا فُرُوجَكُمْ وَغُضُّوا أَبْصَارَكُمْ وَكُفُّوا أَيْدِيَكُمْ " (رَوَاهُ أَحْمَد)

**ഉബാദതുബ്നുസ്സ്വാമിത്തിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'നിങ്ങൾ ആത്മാർഥമായി ആറ് കാര്യങ്ങളെക്കുറിച്ച് എനിക്ക് ഉറപ്പ് നൽകിയാൽ നിങ്ങൾക്ക് ഞാൻ സ്വർഗം ഉറപ്പ് നൽകാം. സംസാരിക്കുമ്പോൾ സത്യം മാത്രം പറയുക. കരാർ പാലിക്കുക. വിശ്വസിച്ചേൽപ്പിച്ചത് നിർവഹിക്കുക. ലൈംഗിക വിശുദ്ധി കാത്തു സൂക്ഷിക്കുക. കണ്ണുകൾ താഴ്ത്തുക. ആരെയും ഉപദ്രവിക്കാതിരിക്കുക' (അഹ്മദ്).**

ഈ വചനത്തിൽ ആറു സൽപ്രവൃത്തികൾക്കാണ് അല്ലാഹുവിന്റെ റസൂൽ (സ) സ്വർഗം ഉറപ്പ് നൽകുന്നത്.

**ഒന്ന്: സംസാരിക്കുമ്പോൾ സത്യം മാത്രം പറയുക**

സത്യസന്ധത ഇസ്‌ലാമിന്റെ കാമ്പും കാതലുമാണ്. വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പുലർത്തൽ വിശ്വാസികളുടെ ബാധ്യതയാണ്.

വിശുദ്ധ ഖുർആൻ പറഞ്ഞു: 'വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. സത്യവാന്മാരോടൊപ്പമാവുക' (9:119).

സത്യസന്ധത നന്മയിലേക്കും നന്മ സ്വർഗത്തിലേക്കുമാണ് കൊണ്ടുപോവുക എന്ന് അല്ലാഹുവിന്റെ റസൂൽ വ്യക്തമാക്കിയിട്ടുണ്ട് (ബുഖാരി, മുസ്‌ലിം).

**രണ്ട്: കരാർ പാലിക്കുക**

കരാർ ലംഘനത്തെ മഹാപാപമായാണ് അല്ലാഹുവും റസൂലും ഗണിക്കുന്നത്.

വിശുദ്ധ ഖുർആൻ പറഞ്ഞു: 'നിങ്ങൾ കരാർ പാലിക്കുക. കരാറിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടും, തീർച്ച' (17:34).

'വിശ്വസ്തത ഇല്ലാത്തവന് ഈമാനില്ല, കരാറില്ലാത്തവന് ദീനില്ല' (അഹ്മദ്) എന്നും റസൂൽ(സ) പറഞ്ഞിട്ടുണ്ട്.

**മൂന്ന്: വിശ്വസിച്ചേൽപ്പിച്ചത് തിരിച്ചുനൽകുക**

തന്നെ വിശ്വസിച്ചവരെ ചതിക്കുന്നത് വിശ്വാസികളുടെ സ്വഭാവമല്ല.

അല്ലാഹു പറഞ്ഞു: 'അല്ലാഹു നിങ്ങളോടിതാ കൽപിക്കുന്നു: നിങ്ങളെ വിശ്വസിച്ചേൽപിച്ച വസ്തുക്കൾ അവയുടെ അവകാശികളെ തിരിച്ചേൽപിക്കുക' (4:58).

പരസ്പരമുള്ള ഇടപാടുകളിലെ സത്യസന്ധതയെ കുറിച്ച് വിശുദ്ധ ഖുർആൻ ഇപ്രകാരം പറഞ്ഞു: 'നിങ്ങളിലൊരാൾ മറ്റൊരാളെ വല്ലതും വിശ്വസിച്ചേൽപിച്ചാൽ അയാൾ തന്നെ വിശ്വസിച്ചേൽപിച്ചത് തിരിച്ചുനൽകണം' (2:283).

വഞ്ചനയും ചതിയും യഥാർഥ വിശ്വാസികളിൽനിന്ന് ഒരിക്കലുമുണ്ടാവില്ല. 'വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവെയും അവന്റെ ദൂതനെയും ചതിക്കരുത്. നിങ്ങളെ വിശ്വസിച്ചേൽപിച്ച കാര്യങ്ങളിൽ ബോധപൂർവം വഞ്ചന കാണിക്കരുത്' (8:27).

**നാല്: ലൈംഗിക വിശുദ്ധി കാത്തു സൂക്ഷിക്കുക**

ഹറാമായ മാർഗങ്ങളിലൂടെ ലൈംഗിക വികാരം പൂർത്തീകരിക്കുന്നതിനെ ഇസ്‌ലാം നിഷിദ്ധമാക്കി. വിജയം വരിക്കുന്ന സത്യവിശ്വാസികളുടെ സവിശേഷതകളിലൊന്നായാണ് ലൈംഗിക വിശുദ്ധി കാത്തു സൂക്ഷിക്കുന്നതിനെ അല്ലാഹു എണ്ണിയിട്ടുള്ളത് (*അൽ മുഅ്മിനൂൻ*: 5).

പ്രവാചകൻ ഉണർത്തി: 'വ്യഭിചരിക്കുന്നവൻ വ്യഭിചരിക്കുമ്പോൾ വിശ്വാസിയല്ല' (ബുഖാരി, മുസ്‌ലിം). മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: 'രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതും രണ്ട് കാലുകൾക്കിടയിലുള്ളതും സൂക്ഷിക്കാമെന്ന് ആരെങ്കിലും എനിക്ക് ഉറപ്പ് നൽകിയാൽ ഞാനവന് സ്വർഗം ഉറപ്പ് നൽകുന്നു' (ബുഖാരി).

**അഞ്ച്: കണ്ണുകൾ താഴ്ത്തുക**

ഹറാമായ ദൃശ്യങ്ങളിൽ നിന്ന് ദൃഷ്ടികളെ സൂക്ഷിക്കൽ വിശ്വാസികളുടെ സ്വർഗ പ്രവേശനത്തിന് അനിവാര്യമാണ്.

അല്ലാഹു അരുളി: 'നീ സത്യവിശ്വാസികളോട് പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ നിയന്ത്രിക്കട്ടെ. ഗുഹ്യഭാഗങ്ങൾ സൂക്ഷിക്കുകയും ചെയ്യട്ടെ. അതാണ് അവരുടെ പരിശുദ്ധിക്ക് ഏറെ ഗുണകരം. സംശയം വേണ്ട; അല്ലാഹു അവരുടെ പ്രവർത്തനങ്ങളെല്ലാം നന്നായി അറിയുന്നവനാണ്' (24:30).

പ്രവാചകൻ പറഞ്ഞു: 'അല്ലാഹു ആദമിന്റെ പുത്രന് പല വഴികളിലൂടെ വ്യഭിചാരത്തിന്റെ വിഹിതം വീതിച്ചിട്ടുണ്ട്. പലപ്പോഴും അവനതിൽ വീണ് പോവുന്നു. കണ്ണിന്റെ വ്യഭിചാരം നോട്ടമാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്. മനസ്സ് ആഗ്രഹിക്കുന്നു, കൊതിക്കുന്നു. ലൈംഗികാവയവം അതിനെ യാഥാർഥ്യമാക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നു' (ബുഖാരി, മുസ്‌ലിം).

കവി പാടി:

كُلُّ الْحَوَادِثِ مَبْدَأُهَا مِنَ النَّظْرِ وَمُعْظَمُ النَّارِ مِنْ مُسْتَصْغَرِ الشَّرَرِ
كَمْ نَظْرَةً فَتَكَتْ فِي قَلْبِ صَاحِبِهَا فَتْكَ السِّهَامِ بِلاَ قَوْسٍ وَلاَ وَتْرٍ

'എല്ലാ സംഭവങ്ങളുടെയും തുടക്കം നോട്ടമാണ്. മഹാതീജ്വാലയുണ്ടാവുന്നത് ചെറിയ തീക്കനലിൽ നിന്നാണ്. എത്രയെത്ര നോട്ടങ്ങളാണ് വില്ലും ഞാണുമില്ലാതെ ഹൃദയത്തിൽ അമ്പുപോലെ ആഞ്ഞു തറക്കാറുള്ളത്.'

**ആറ്: ആരെയും ഉപദ്രവിക്കാതിരിക്കുക**

ആളുകളെ മാനസികമായും ശാരീരികമായും അക്രമിക്കാത്തവർക്കും അല്ലാഹുവിന്റെ റസൂൽ സ്വർഗം വാഗ്ദാനം നൽകുന്നു. നബി(സ)യോട്, ആരാണ് മുസ്‌ലിംകളിൽ മഹത്വമുള്ളവർ എന്ന് ചോദിച്ചപ്പോൾ, തങ്ങളുടെ നാവിൽ നിന്നും കൈകളിൽ നിന്നും മറ്റുള്ളവർ രക്ഷപ്പെടുന്നുണ്ടെങ്കിൽ അവർ എന്ന് മറുപടി പറയുകയുണ്ടായി (ബുഖാരി).

യഹ്‌യബ്നു മുആദ് (റ) പറഞ്ഞു: 'ഒരു സത്യവിശ്വാസിക്ക് നിന്നിൽ നിന്ന് മൂന്ന് കാര്യങ്ങൾ ലഭിക്കട്ടെ: നീ അവന് ഉപകാരം ചെയ്യുന്നില്ലെങ്കിലും ഉപദ്രവിക്കരുത്. അവനെ സന്തോഷിപ്പിച്ചില്ലെങ്കിലും ദുഃഖിപ്പിക്കരുത്. അവനെ പ്രകീർത്തിച്ചില്ലെങ്കിലും അധിക്ഷേപിക്കരുത്.'

വേറെ റിപ്പോർട്ടുകളിൽ നാല് കാര്യങ്ങൾ കൂടി റസൂൽ എണ്ണിപ്പറഞ്ഞിട്ടുണ്ട്:

**ഏഴ്: യാചന പാടേ ഉപേക്ഷിക്കുക**

സൗബാൻ (റ)പറയുന്നു. 'തിരുമേനി അരുളി: 'ജനങ്ങളോട് ഒന്നും ചോദിക്കുകയില്ലെന്ന് ആരെങ്കിലും എനിക്ക് വാക്ക് തന്നാൽ ഞാനവന് സ്വർഗം വാക്ക് നൽകാം.' നിവേദകൻ പറയുന്നു: 'അങ്ങനെയാണ് ഞാൻ ആരോടും ഒന്നും ചോദിക്കാത്തവനായത്' (അബൂദാവൂദ്).

റസൂൽ(സ) വീണ്ടും: 'ആരെങ്കിലും, ജനങ്ങളോട് അവരുടെ ധനം ധാരാളമായി യാചിച്ചാൽ അവനൊരു തീക്കൊള്ളിയാണ് ചോദിക്കുന്നത്' (മുസ്‌ലിം).

**എട്ട്: അനാവശ്യ വാദപ്രതിവാദങ്ങളിൽ നിന്നും കുതർക്കങ്ങളിൽ നിന്നും മാറി നിൽക്കുക**

റസൂൽ(സ) പറഞ്ഞു: 'സത്യം സ്ഥാപിക്കാനാണെങ്കിൽ പോലും തർക്കം ഒഴിവാക്കുന്നവന് സ്വർഗത്തിന്റെ താഴ്ഭാഗത്ത് ഞാൻ ഒരു വീട് വാഗ്ദാനം ചെയ്യുന്നു' (അബൂദാവൂദ്).

അല്ലാഹു പറഞ്ഞു: 'അതിനാൽ വ്യക്തമായ അറിവിന്റെ അടിസ്ഥാനത്തിലല്ലാതെ അവരുടെ കാര്യത്തിൽ നീ തർക്കിക്കരുത്. ജനങ്ങളിലാരോടും നീ അവരുടെ കാര്യത്തിൽ അഭിപ്രായം ചോദിക്കരുത്' (18:22).

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: 'ആരെങ്കിലും പണ്ഡിതൻമാരോട് മത്സരിക്കാനും പാമരൻമാരോട് തർക്കിക്കാനും ജനങ്ങളുടെ ശ്രദ്ധ നേടിയെടുക്കാനുമായി വിജ്ഞാനം തേടിയാൽ അല്ലാഹു അവനെ നരകത്തിൽ പ്രവേശിപ്പിക്കും' (തിർമിദി).

**ഒമ്പത്: ഒരിക്കലും കളവ് പറയാതിരിക്കുക**

അല്ലാഹു പറഞ്ഞു: 'തീർച്ചയായും പരിധി വിടുന്നവരെയും കള്ളം പറയുന്നവരെയും അല്ലാഹു നേർവഴിയിലാക്കുകയില്ല' (40:28).

റസൂൽ(സ) അരുളി: 'തമാശക്ക് വേണ്ടിയാണെങ്കിൽ പോലും കളവ് പറയാതിരിക്കുന്നവന് സ്വർഗത്തിന്റെ മധ്യത്തിൽ ഞാനൊരു വീട് വാഗ്ദാനം ചെയ്യുന്നു' (അബൂദാവൂദ്).

**പത്ത്: സൽസ്വഭാവവും സൽപെരുമാറ്റവും**

അല്ലാഹു അരുളി: 'നീ മഹത്തായ സ്വഭാവത്തിനുടമതന്നെ, തീർച്ച' (68:4).

നബി (സ) പറഞ്ഞു: സൽസ്വഭാവമുള്ളവന് സ്വർഗത്തിന്റെ മുകൾ ഭാഗത്ത് ഒരു വീട് ഞാൻ വാക്ക് നൽകുന്നു' (അബൂദാവൂദ്). ●

## എസ്.ഐ.ഒ പഴയ ഗാനങ്ങൾ ശേഖരിക്കുന്നു

ഇസ്‌ലാമിക മാർഗത്തിലെ പ്രവർത്തനങ്ങൾക്ക് എന്നും ആവേശം പകർന്നു നൽകിയ ഒന്നായിരുന്നു ഇസ്‌ലാമിക ഗാനങ്ങൾ. ഇസ്‌ലാമിക ആശയ സംഹിതകൾ സംവേദന മികവോടെ ജനഹൃദയങ്ങളിൽ ഉറപ്പിക്കുന്നതിൽ ഈ പാട്ടുകൾ നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഭാഷാപരമായും സൗന്ദര്യബോധത്തിലും വ്യതിരിക്തത പുലർത്തിയ ഈ പാട്ടുകൾ ശ്രോതാക്കളിൽ ഉണ്ടാക്കിയ സ്വാധീനം ചെറുതല്ല. പല സമയങ്ങളിലായി എഴുതപ്പെടുകയും പുറത്തിറക്കുകയും ചെയ്ത ഈ പാട്ടുകൾ പല ഇടങ്ങളിലായി കിടക്കുകയാണ്. കാസറ്റ്, സി.ഡി യുഗങ്ങൾ താണ്ടി ഒടുവിൽ നമ്മൾ യൂട്യൂബ് യുഗത്തിൽ എത്തിനിൽക്കുന്ന ഈ സന്ദർഭത്തിലാണ് എസ്.ഐ.ഒ മലപ്പുറം ജില്ലാ കമ്മിറ്റി ഈ പാട്ടുകൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത്. അതിനാൽ, പ്രസ്ഥാനവും അതിന്റെ പോഷക ഘടകങ്ങളും നാളിതുവരെ ഇറക്കിയിട്ടുള്ള പാട്ടുകൾ സി.ഡിയിലും കാസെറ്റിലും പെൻ ഡ്രൈവിലും എഴുതിയ വരികൾ ഡയറികളിലോ മറ്റു കുറിപ്പുകളായോ കൈവശമുള്ളവരും ബന്ധപ്പെടുക:

**നസീഫ്: +91 79079 59056 അമീൻ: +91 90619 96267**